പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2384

08.12.2015-ലെ
മറുപടിയ്ക്ക്

## റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നിയിൽ ആരംഭിക്കാനിരുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി ഉതിമൂട്ടിൽ എത്ര ഭൂമിയാണ് റവന്യൂ വകുപ്പിൽ നിന്നും പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രയാണ് പ്രതിവർഷം പാട്ടത്തുക; ഏതുവർഷം വരെയുള്ള പാട്ടത്തുകയാണ് അടച്ചിട്ടുള്ളത്; ഏതെങ്കിലും വർഷത്തെ തുക കുടിശ്ശികയായിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ ഏതു വർഷത്തെ; കുടിശ്ശിക വരാനുണ്ടായ കാരണം എന്താണ് ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;<br>വിശദമാക്കുമോ; | എ) | റാന്നിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ ലഭിച്ചിട്ടുണ്ട്. 24,856 രൂപയാണ് പ്രതിവർഷ പാട്ടത്തുക. 2015-16 വർഷം വരെയുള്ള പാട്ടത്തുക കിൻഫ്ര അടച്ചിട്ടുണ്ട്. കുടിശ്ശികയൊന്നും നിലവിലില്ല. |
| ബി) | ഇവിടെ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം<br>ആരംഭിക്കുന്നില്ലെങ്കിൽ പകരം എന്തു സ്ഥാപനം തുടങ്ങാനാണ് കിൻഫ്ര ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ബഹു. സ്ഥലം എം.എൽ.എ യുമായി കൂടി ആലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുന്നതിന് കിൻഫ്ര എം.ഡി ക്ക് നിർദ്ദേശം നൽകിയിരിന്നു.<br>അപ്പാരൽ പാർക്കിനായി കണ്ടെത്തിയ |

| | | | |
|---|---|---|---|
| | | | 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പിപിപി ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ എം.ഡി ബഹു. എം.എൽ.എ യുമായി കൂടി ആലോചിച്ച് ശുപാർശ സമർപ്പിക്കുവാൻ 17.07.2014 ൽ കൂടിയ യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത യോഗ തീരുമാന പ്രകാരം സിഡ്കോക്ക് പി.പി.പി മാതൃകയിൽ വ്യവസായം ആരംഭിക്കാൻ സാധിക്കുമോ എന്നുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. |
| സി) | റാന്നി നിയോജക മണ്ഡലത്തിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി റാന്നി എം.എൽ.എ. നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | സി) | റാന്നി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് 100 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് ബഹു. എം.എൽ.എ അറിയിച്ചിരുന്നു. ബഹു. എം.എൽ.എ യുടെ നിർദ്ദേശാനുസരണം അദ്ദേഹവുമായി കൂടി ആലോചിച്ച ശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ നിർദ്ദിഷ്ട ഭൂമി പരിശോധിക്കുന്നതിനായി അയക്കുന്നതാണ്. സാങ്കേതിക ടീമിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിൻഫ്ര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ